**Series : €ABA€** **SET-4**

ചോദ്യപേപ്പർ കോഡ്
**Q.P. Code** **12**

रोल नं.
**Roll No.** | | | | | | | | |

Candidates must write the Code on the title page of the answer-book.

- ചോദ്യപേപ്പറിൽ അച്ചടിച്ച 4 പുറങ്ങളുമുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുഭാഗത്തു കൊടുത്തിരിക്കുന്ന ചോദ്യപേപ്പർ കോഡ് ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.
- ചോദ്യപേപ്പറിൽ 4 ചോദ്യങ്ങൾ ഉണ്ടോയെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.
- **ഉത്തരമെഴുതുന്നതിനു മുമ്പായി ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**
- ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ് . 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.

- Please check that this question paper contains 4 printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains 4 questions.
- **Please write down the Serial Number of the question in the answer-book before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

*

# മലയാളം
# MALAYALAM

അനുവദിച്ച സമയം : *2* മണിക്കൂർ
*Time allowed : **2** hours*

ആകെ മാർക്ക്: *40*
*Maximum Marks : **40***



ZOLLEGE.in

This question paper is divided into **two** sections.

***Section A*** **:** *Grammar and Composition – **14** marks.*

***Section B*** **:** *Literature – **26** marks.*

## Section – A

## (Grammar and Composition).

1. തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. **2 × 2 = 4**

   (a) ഉത്‌പ്രേക്ഷയുടെ ലക്ഷണവും ഒരു ഉദാഹരണവും എഴുതുക.

   (b) "വിബുധപതിയൊടു നിശിചരാലയം വെന്തോരു
   വൃത്താന്തമെല്ലാമറിയിച്ചു കൊള്ളുവാൻ
   അഹമഹമികാധിയാ പാവകജ്വാലകൾ
   അംബരത്തോളമുയർന്നുചെന്നൂമുദാ"

   * ഈ വരികളിലെ അലങ്കാരം ഏതെന്ന് എഴുതി സമന്വയിക്കുക.

2. (a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക. **1 × 5 = 5**

   (i) ആരോഗ്യരംഗം ആഗോളതലത്തിൽ നേരിടുന്ന വെല്ലുവിളികൾ.

   (ii) ആധുനിക ജീവിതവും മൂല്യബോധവും.

   (b) സ്ത്രീകളും കുട്ടികളും ആക്രമിക്കപ്പെടുന്ന വാർത്ത പ്രസിദ്ധീകരിക്കുമ്പോൾ പാലിക്കേണ്ട ധാർമ്മികത ചൂണ്ടിക്കാട്ടി പ്രമുഖ പത്രത്തിന്റെ പത്രാധിപർക്ക് കത്ത് തയ്യാറാക്കുക. **1 × 5 = 5**

## Section – B

## (Literature)

3. (a) തന്നിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക **3 × 2 = 6**

   (i) മാധ്യമഭാഷയുടെ വാർപ്പുമാതൃകകളെ തകർക്കുന്നതായി ലേഖകൻ പരാമർശിക്കുന്നത് എന്തിനെക്കുറിച്ചാണ് ?

   (ii) ഇന്റർനെറ്റ് വന്ന സമയത്തെ പ്രധാന ന്യൂനത എന്തായിരുന്നു? അത് പരിഹരിക്കപ്പെട്ടതെങ്ങനെ ?

   (iii) "ഖലനല്ലവാക്കു കേട്ടാൽ "– ആരുടെ വാക്കു കേട്ടാൽ ? സന്ദർഭം എഴുതുക.

   (iv) എന്തെല്ലാം കുറ്റങ്ങളാണ് ശീലാവതിയെക്കുറിച്ച് മുനി പറയുന്നത് ?



ZOLLEGE.in

(b) തന്നിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക.

**5 × 3 = 15**

(i) വ്യക്തിയുടെ എഴുത്തുജീവിതത്തെ സാമൂഹികമാധ്യമം മാറ്റിയെടുക്കുന്നതെങ്ങനെ ?

(ii) പരമ്പരാഗത മാധ്യമങ്ങളും സാമൂഹികമാധ്യമങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളെന്തെല്ലാം ?

(iii) സാമൂഹിക സമ്പർക്കമാധ്യമങ്ങൾ ഒന്നാംതരം ജനാധിപത്യ-വേദികൂടിയാണെന്നു പറയാൻ കാരണമെന്ത് ?

(iv) സമർത്ഥയായ തോഴിയാണ് കേശിനി എന്ന് കാര്യകാരണ സഹിതം വിവരിക്കുക.

(v) ശാരീരിക പീഡനത്തെക്കാൾ അസഹ്യമാണ് മാനസിക പീഡനം എന്ന് കുഞ്ചൻ നമ്പ്യാർ സൂചിപ്പിക്കുന്നതെങ്ങനെ?

(vi) ഉണ്ണായിവാര്യരുടെ ഭാഷാരീതിയുടെ സവിശേഷതകൾ വിവരിക്കുക.

4. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **1 × 5 = 5**

(i) തന്റെ വിദ്യാഭ്യാസകാലഘട്ടത്തെക്കുറിച്ച് ശ്രീ എം.ടി. വാസുദേവൻ നായർ ഓർത്തെടുക്കുന്നതെന്തെല്ലാം ?

(ii) ഗതകാലത്തെക്കുറിച്ചുള്ള ചിതറിത്തെറിച്ച ഓർമ്മകളാണ് 'അമ്മയ്ക്ക്' എന്ന പുസ്തകം-വിലയിരുത്തുക.

---



ZOLLEGE.in

*



ZOLLEGE.in